ശ്രീ. പാലോളി മുഹമ്മദ് കുട്ടി : തദ്ദേശ ഭരണ സ്ഥാപനങ്ങൾ കൊടുക്കുന്ന കണക്കുകളെ സംബന്ധിച്ചിടത്തോളം അവരുടെ ഭാഗത്തുനിന്നും വിശദീകരണം ആവശ്യമായി വരികയാണെങ്കിൽ തിരിച്ചയയ്ക്കും. അതു കാല താമസം കൂടാതെ വേഗത്തിൽ അവരുടെ പരിശോധന കഴിഞ്ഞ് ഗവൺമെന്റിലേയ്ക്കു കൊടുക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷേ കൊടുക്കാതിരിക്കുന്നതു ശരിയല്ല. അവർക്കു പറയാനുള്ള അവസരം കൊടുക്കണം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്ലസ് ടു കോഴ്സ് അനുവദിച്ചതിൽ എൻ.എസ്.എസിന്റെ പരാതി

4(*91) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു കോഴ്സ് അനുവദിച്ചതിൽ ഉണ്ടായിട്ടുള്ള കുറവ് പരിഹരിക്കണമെന്ന് എൻ.എസ്.എസ്. ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ആവശ്യത്തിന്മേൽ എന്ത് നടപടി എടുത്തു ;

(സി) എൻ.എസ്.എസിന്റെ ആവശ്യം അംഗീകരിക്കാത്ത പക്ഷം അവർക്കനുവദിച്ചിട്ടുള്ള പ്ലസ് ടു കോഴ്സുകൾ തിരസ്ക്കരിക്കുമെന്ന് എൻ.എസ്.എസ്. ഡയറക്ടർ ബോർഡിന്റെ പ്രമേയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഹൈസ്ക്കൂൾ ഇല്ലാത്ത സ്ഥലത്ത് പുതിയ സ്കൂളുകൾ അനുവദിച്ച് അവിടെ പ്ലസ് ടു കോഴ്സ് അനുവദിച്ച നടപടി ഈ വർഷം ഉണ്ടായിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എൻ.എസ്.എസിനും അപ്രകാരം പുതിയ സ്കൂൾ അനുവദിച്ച് അവിടെ പ്ലസ് ടു കോഴ്സ് നൽകുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ ;

(എഫ്) സ്കൂൾ ഇല്ലാതെ പ്ലസ് ടു അനുവദിക്കുന്നതിനുള്ള ന്യൂനത എന്തെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആവശ്യം പരിശോധിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഹൈസ്കൂൾ ഇല്ലാത്ത ഏതാനും സ്ഥലങ്ങളിൽ പുതിയ ഹൈസ്കൂൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അവിടെ പ്ലസ് ടു അനുവദിച്ചിട്ടുണ്ട്.

(ഇ) പുതിയ സ്കൂളുകൾ അനുവദിക്കണമെന്ന് എൻ.എസ്.എസ്. ഇപ്പോൾ ആവശ്യം ഉന്നയിക്കുന്നില്ല.

(എഫ്) ഹൈസ്കൂൾ ഉള്ള സ്കൂളുകളിലെ പ്ലസ് ടു അനുവദിക്കുകയുള്ളൂ എന്നുള്ളത് സർക്കാരിന്റെ ന്യായമാണ്. ഒരു മേഖലയിലെ വിദ്യാഭ്യാസ ആവശ്യകത അനുസരിച്ചാണ് പ്ലസ് ടു അനുവദിച്ചിട്ടുള്ളത്.

സ്കൂളുകളിൽ പ്ലസ് ടു കോഴ്സിന് അനുമതി നൽകുന്നതിന്റെ മാനദണ്ഡം

5(*94) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് തുടങ്ങാൻ അനുമതി നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ ;

(ബി) പ്ലസ് ടു കോഴ്സ് അനുവദിച്ചതിൽ വിവേചനം ഉണ്ടായിട്ടുണ്ടെന്ന ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കോളേജുകളിൽ ഉണ്ടായിരുന്ന പ്രീഡിഗ്രി ബാച്ചുകൾ ഡിലിങ്ക് ചെയ്യുമ്പോൾ അതിന് ആനുപാതികമായ വിധം പ്ലസ് ടു സീറ്റുകൾ അനുവദിച്ചിട്ടുണ്ടോ ;

(ഡി) കൂടുതൽ പ്ലസ് ടു സീറ്റുകൾ സർക്കാർ സ്കൂളുകളിലാണോ സഹകാര്യ സ്കൂളുകളിലാണോ അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ഇ) നിലവിലുള്ള സ്കൂളുകളിൽ അല്ലാതെ പുതിയതായി പ്ലസ് ടു ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനങ്ങളുടെയോ പേരിൽ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം നൽകാമോ ;

(എഫ്) പ്ലസ് ടു തുടങ്ങാൻ അനുമതി നൽകിയ സ്കൂളുകളിൽ കോഴ്സ് തുടങ്ങാൻ ആവശ്യമായ സംവിധാനമുണ്ടോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ജി) പഠനസൗകര്യം ഉള്ള സ്കൂളുകളെ ഒഴിവാക്കി സൗകര്യമില്ലാത്ത സ്കൂളുകളിൽ അനുമതി നൽകി എന്ന ആരോപണം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly